LIBRARY ARCHIVES Kerala Legislative Assembly

റേഷൻകടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

265 (1322) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖല ശാക്തീകരണത്തിനായി റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കുമോ ;

(ഡി) റേഷൻ കടകളുടെ കമ്പ്യൂട്ടർവത്ക്കരണം സംബന്ധിച്ച് നാളിതുവരെയുള്ള പുരോഗതി ജില്ലതിരിച്ച് അറിയിക്കുമോ ;

(ഇ) റേഷൻകടകൾ സമയബന്ധിതമായി കമ്പ്യൂട്ടർവത്കരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ഇതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്തിരിക്കുന്നു:

1. സിവിൽ സപ്ലൈസ് കമ്മീഷണർ തയ്യാറാക്കിയ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട ഡി.പി.ആർ. അടിയന്തര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുക.

2. ധാന്യങ്ങൾ സംഭരിക്കുന്നതിനാവശ്യമായ സംഭരണ ശാലകൾ നിർമ്മിക്കുക. ഡോർ ടു ഡോർ സമ്പ്രദായം കഴിയുന്നതും വേഗം നടപ്പിലാക്കുക.

3. ഇത് നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന ചെലവുകളുടെ വിശദാംശങ്ങൾ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വകുപ്പുതലത്തിൽ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിക്കേണ്ടതാണ്. എല്ലാ എ.പി.എൽ. ഉപഭോക്താക്കളുടെയും സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി ആക്കുന്നതിനുള്ള നടപടികൾ 2 മാസത്തിനുള്ളിൽ തുടങ്ങേണ്ടതാണ്, മൊത്തവിതരണ ഡിപ്പോകളുടെ പ്രവർത്തനം സപ്ലൈകോ ഏറ്റെടുക്കേണ്ടതാണ്.

(സി) കമ്മീഷന്റെ ശിപാർശകൾ പരിഗണനയിലാണ്.

(ഡി) തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്എസ്.) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് പല തടസ്സങ്ങൾ നേരിടുകയുണ്ടായി.

(ഇ) സമയബന്ധിതമായി മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ 14 കടകളിൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാവേലി സ്റ്റോറുകൾ

266 (1323) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ എത്ര മാവേലിസ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ സംസ്ഥാനത്താകെ എത്ര മാവേലിസ്റ്റോറുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചുവെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ എത്ര പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും നാട്ടിക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച മാവേലി സ്റ്റോറുകളുടെ എണ്ണവും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly